LSGD/JD/KNR/189/2023-PLG1

ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണവകുപ്പ് പ്ലാനിങ്
ഡി.പി.സി. സെക്രട്ടേറിയറ്റ് ബിൽഡിങ്
സിവിൽ സ്റ്റേഷൻ കോമ്പൌണ്ട്
കണ്ണൂർ- 670002
തീയ്യതി: 30-07-2024, ഫോൺ: 04972707472
ഇമെയിൽ: tpknr.lsgdplng@kerala.gov.in

പ്രേഷകൻ

ടൗൺ പ്ലാനർ
കണ്ണൂർ

സ്വീകർത്താവ്

സെക്രട്ടറി
കണ്ണൂർ കോർപ്പറേഷൻ

സർ,

**വിഷയം:** സർക്കാർ അനുമതി ലഭിച്ച കണ്ണൂർ നഗരത്തിന്റെ മാസ്റ്റർ പ്ലാൻ (Master Plan for Kannur City –2041) - തുടർ നടപടികൾ സ്വീകരിക്കുന്നത് -സംബന്ധിച്ച്

**സൂചന :**

1. 22-06-2024 തീയതിയിലെ സ.ഉ.(കൈ) നം. 72/2024/LSGD നമ്പർ സർക്കാർ ഉത്തരവ്
2. 19-07-2024 തീയതിയിലെ കേരള ഗസറ്റ് നമ്പർ : 2331

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അമൃത് പദ്ധതിയുടെ കീഴിൽ തയ്യാറാക്കിയ കണ്ണൂർ നഗരത്തിന്റെ ജി.ഐ.എസ്.അധിഷ്ഠിത മാസ്റ്റർ പ്ലാൻ (കരട്) പ്രസിദ്ധീകരിക്കപ്പെടുകയും 30-03-2023 തീയതി പ്രാബല്യത്തിൽ വരികയും ചെയ്തിരുന്നു. പ്രസ്തുത പ്രസിദ്ധീകൃത മാസ്റ്റർ പ്ലാനിന് സൂചന 1 പ്രകാരം 2016- ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016- ലെ 9) 36-)ം വകുപ്പിന്റെ 8-)ം ഉപവകുപ്പ് പ്രകാരം അന്തിമ അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാനിന് അനുമതി

നൽകിയ വസ്തുത അറിയിച്ചു കൊണ്ട് ഫാറം VI— ലുള്ള നോട്ടീസ് സൂചന 2 പ്രകാരം 19-07-2024 തീയതിയിലെ കേരള ഗസറ്റ് നമ്പർ : 2331 -ൽ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി താഴെ പറയുന്ന വസ്തുതകൾ അറിയിക്കുന്നു.

1) 2021-ലെ കേരള നഗര ഗ്രാമാസൂത്രണ മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും ചട്ടങ്ങളിലെ ചട്ടം 23 പ്രകാരം മാസ്റ്റർ പ്ലാനിന് അനുമതി നൽകിയത് സംബന്ധിച്ചുള്ള **ഫാറം VII**—ലുള്ള നോട്ടീസ് മാസ്റ്റർ പ്ലാനിന്റെ പകർപ്പ് ഏതൊക്കെ സ്ഥലങ്ങളിൽ പരിശോധനയ്ക്ക് ലഭ്യമാണെന്നുള്ള വിവരവും പരാമർശിച്ചു കൊണ്ട് താഴെ പറയുന്നവയിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(i) പ്രദേശത്ത് പ്രചുരപ്രചാരമുള്ള കുറഞ്ഞത് ഒരു വർത്തമാന പത്രം
(ii) നോട്ടീസ് ബോർഡ്
(iii) ഔദ്യോഗിക വെബ്സൈറ്റ്

സർക്കാർ അംഗീകാരം നൽകിയ മാസ്റ്റർ പ്ലാൻ നിർദ്ദിഷ്ട ഭൂവിനിയോഗ മേപ്പ്, വികസന നിയന്ത്രണങ്ങൾ എന്നിവ സഹിതം കോർപ്പറേഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

**2) ഫാറം VI**—ലുള്ള നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയ്യതി ( **19-07-2024** ) മുതൽ അന്തിമ അനുമതി ലഭിച്ച മാസ്റ്റർ പ്ലാൻ പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. മേൽ സാഹചര്യത്തിൽ മാസ്റ്റർ പ്ലാനിലെ നിയന്ത്രണങ്ങൾക്കനുസൃതമല്ലാതെ യാതൊരാളും ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല. കണ്ണൂർ കോർപ്പറേഷൻ പരിധിയിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ - 2019 ന് പുറമേ സർക്കാർ അംഗീകാരം നൽകിയ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള Proposed Land Use മേപ്പും സോണിംഗ് റെഗുലേഷനുകളും കൂടി ബാധകമായിരിക്കുന്നതാണ്. ആയതിനാൽ കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ മാസ്റ്റർ പ്ലാനിനു വിധേയമായി മാത്രമേ തീരുമാനം കൈക്കൊള്ളുവാൻ പാടുള്ളൂ എന്ന വിവരം കണ്ണൂർ കോർപ്പറേഷൻ ഓഫീസ് / സോണൽ ഓഫീസ് ജീവനക്കാരെ അടിയന്തിരമായി അറിയിക്കാവുന്നതാണ്.

**3) 2016-** ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ 62 -)ം വകുപ്പിന്റെ 3)ം ഉപവകുപ്പ് പ്രകാരം “In cases where a sanctioned Master Plan and a published Detailed Town Planning Scheme exist in an area, the provisions of the sanctioned Master Plan shall prevail over the provisions of the published Detailed Town Planning Scheme.” ആയതിനാൽ **കണ്ണൂർ കോർപ്പറേഷൻ പ്രദേശത്ത് നിലവിലുള്ള Detailed Town Planning Scheme for Thavakkara North, Detailed Town Planning Scheme for Thavakkara South എന്നീ രണ്ട് വിശദ നഗരാസൂത്രണ പദ്ധതികൾക്ക് മേൽ സർക്കാർ അംഗീകാരം നൽകിയ മാസ്റ്റർ പ്ലാനിലെ വ്യവസ്ഥകൾ നിലനിൽക്കുന്നതാണ് എന്ന വിവരവും ഇതിനാൽ അറിയിക്കുന്നു.**

സർക്കാർ അംഗീകരിച്ച മാസ്റ്റർ പ്ലാൻ മേപ്പുകളും (വില്ലേജ് തിരിച്ചുള്ള മോഡ്യൂൾ മേപ്പുകൾ സഹിതം ) മാസ്റ്റർ പ്ലാൻ റിപ്പോർട്ടും തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു. മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നത് സംബന്ധിച്ച് കണ്ണൂർ കോർപ്പറേഷൻ ഓഫീസിലെയും സോണൽ ഓഫീസുകളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ബന്ധപ്പെട്ട മേപ്പുകളും റിപ്പോർട്ടും ടി ഓഫീസുകളിൽ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനും താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

പി.രവികുമാർ
ടൗൺ പ്ലാനർ
കണ്ണൂർ

കണ്ണൂർ

30-07-2024

**ഉള്ളടക്കം:** 1) സർക്കാർ അംഗീകാരം നൽകിയ മാസ്റ്റർ പ്ലാൻ മേപ്പുകൾ (11 എണ്ണം) , മാസ്റ്റർ പ്ലാൻ റിപ്പോർട്ട് എന്നിവ സോഫ്റ്റ് കോപ്പി സഹിതം

2) ഫാറം VII—ലുള്ള നോട്ടീസ്-ന്റെ മാതൃക